IV സബ്മിഷൻ

(1) മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളുടെ കുടിശ്ശിക

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മത്സ്യത്തൊഴിലാളികൾക്ക് ആവിഷ്കരിച്ചിട്ടുള്ള വാർദ്ധക്യകാല പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തുടങ്ങിയ ക്ഷേമ പദ്ധതികൾ വളരെക്കാലമായി കുടിശ്ശികയായി കിടക്കുകയാണ്. ഉദാഹരണം പറഞ്ഞാൽ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് 1-4-2003-ൽ വിദ്യാഭ്യാസ ആനുകൂല്യം ഇനത്തിൽ നൽകേണ്ടത് 250 ലക്ഷം രൂപയാണ്. ഗ്രൂപ്പ് ഇൻഷ്വറൻസ് ഇനത്തിൽ 1-4-2001 മുതലുള്ള കുടിശ്ശിക 140 ലക്ഷം രൂപയാണ്. മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 1-7-2003 മുതലുള്ള കുടിശ്ശിക കൊടുത്തുതീർക്കേണ്ടത് 26 ലക്ഷം രൂപയാണ്. വാർദ്ധക്യകാല പെൻഷൻ 11/2002 മുതൽ 490 ലക്ഷം രൂപ. മത്സ്യഫെഡ് നടപ്പിലാക്കുന്ന വ്യക്തിഗത ഇൻഷ്വറൻസ് 89 ലക്ഷം രൂപ. മത്സ്യഫെഡ് നടപ്പിലാക്കുന്ന ഉപകരണ ഇൻഷ്വറൻസ് 43 ലക്ഷം രൂപ. അങ്ങനെ 10 കോടി 38 ലക്ഷം രൂപ കൊടുക്കാൻ കുടിശ്ശികയായി കിടക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ഇപ്പോഴത്തെ വിഷമകരമായ സ്ഥിതി മനസ്സിലാക്കിയിട്ട് ഈ തുക ഉടനെ റിലീസ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ ഇനത്തിൽ ഇതിനകം 14 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 41 മാസത്തെ പെൻഷനാണ് നൽകിയിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരം ഏൽക്കുമ്പോൾ 16 ഗഡു പെൻഷൻ കുടിശ്ശികയായിരുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 300 ലക്ഷം രൂപയും ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇപ്പോഴുള്ള കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് 333.53 ലക്ഷം രൂപ ആവശ്യമാണ്. ഓണക്കാലത്ത് മൂന്ന് ഇൻസ്റ്റാൾമെന്റ് പെൻഷൻ വിതരണം ചെയ്യാൻ ഒരു കോടി രൂപ നൽകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യമായി ഒൻപതരക്കോടി രൂപ ഈ ഗവൺമെന്റ് വന്നതിനുശേഷം വിതരണം ചെയ്തിട്ടുണ്ട്. ഈയിനത്തിൽ മൂന്ന് കോടി രൂപയാണ് മുൻ ഗവൺമെന്റ് കുടിശ്ശിക വരുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന രണ്ടരക്കോടി രൂപക്കു പുറമേ രണ്ട് കോടി രൂപ അധികമായി വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള രണ്ടരക്കോടി രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക തീർക്കുന്നതിന് മൂന്നരക്കോടി രൂപ ആവശ്യമാണ്. 80,000-ത്തോളം വിദ്യാർത്ഥികൾക്ക് സർക്കാർ നിരക്കിലുള്ള ഫീസ് ആനുകൂല്യങ്ങൾ നൽകിവരികയാണ്. ഈ കാര്യത്തിലും വളരെ വേഗത്തിൽ കൂടുതൽ തുക

LIBRARY ARCHIVES Kerala Legislative Assembly

നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുകൂടി സർക്കാർ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരുന്നു.

(2) പിരിഞ്ഞുപോകുന്ന വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം വീണ്ടും ലഭ്യമാക്കാൻ നടപടി

ശ്രീ. കെ. മുഹമ്മദാലി: സർ, വളരെ ഗൗരവമേറിയ ഒരു പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. എന്തെല്ലാം പരിമിതികളുണ്ടെങ്കിലും കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ വിദഗ്ദ്ധ ചികിത്സയ്ക്ക് പൊതുവേ ആശ്രയിക്കുന്നത് മെഡിക്കൽ കോളേജുകളെയാണ്. അവിടെനിന്നും വിദഗ്ദ്ധരായ ഡോക്ടർമാരാണ് പിരിഞ്ഞുപോകുന്നത്. ഇപ്പോൾ പുതിയതായി ആരംഭിച്ചിട്ടുള്ള ഫൈവ് സ്റ്റാർ ആശുപത്രികൾ അവരെ റാഞ്ചിക്കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഇവരുടെ സേവനം ഈ മെഡിക്കൽ കോളേജുകളിൽ നിലനിർത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുമൂലം നിലവിലുള്ളവർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതേയും പ്രയാസങ്ങൾ ഉണ്ടാകാതേയും എങ്ങനെ പരിഹാരമുണ്ടാക്കുവാൻ കഴിയുമെന്ന് പരിശോധിക്കണം. വളരെ നിർബന്ധമായും കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് മെഡിക്കൽ കോളേജിൽ വിദഗ്ദ്ധ ചികിത്സ ലഭിക്കാൻ കഴിയുന്ന രീതിയിൽ, സർവ്വീസിൽനിന്നും പിരിഞ്ഞുപോകാൻ സാദ്ധ്യതയുള്ള വിദഗ്ദ്ധ ഡോക്ടർമാരെ അവിടെ നിലനിർത്താൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടെങ്കിൽ അത് പരിശോധിച്ച് അവരെ നിലനിർത്തി അവരുടെ സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽനിന്ന് വിദഗ്ദ്ധ ഡോക്ടർമാർ റിട്ടയർ ചെയ്തുപോകുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. 2003-04 വർഷങ്ങളിൽ വളരെയധികം ഡോക്ടർമാർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്ന് പെൻഷൻ പറ്റി പിരിഞ്ഞുപോയിട്ടുണ്ട്. 2003-ൽ 43 പ്രൊഫസർമാർ ഉൾപ്പെടെ 67 ഡോക്ടർമാർ പെൻഷനായി. 2004-ൽ പെൻഷനായ ഡോക്ടർമാരുടെ എണ്ണം 45 ആണ്. ദൗർലഭ്യം അനുഭവപ്പെടുന്ന വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ ലക്ചറർമാരായി നിയമിക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്ക് അനുവാദം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം ഉള്ളവരേയും പെൻഷൻ പറ്റി പിരിഞ്ഞവരേയും കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെയുള്ള തസ്തികകളിൽ നിയമിക്കാൻ 2002-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ റിട്ടയർ ചെയ്തവരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിൽ ഡോക്ടർമാരുടെ സംഘടനകൾ വളരെ ശക്തമായ എതിർപ്പാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഇക്കാരണത്താൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിൽ

LIBRARY ARCHIVES Kerala Legislative Assembly